# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3184** — **19.06.2018-ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജന നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) ഇത്തവണത്തെ ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് നടത്തിയ ദിനാചരണങ്ങളിൽ കൂടുതലായി ഉയർന്നുവന്ന ചർച്ചകൾ സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംബന്ധിച്ചായിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്ലാസ്റ്റിക് മാലിന്യശേഖരണവും സംസ്കരണവും സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ രൂപീകരിച്ച ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഉണ്ട്. നിലവിൽ അജൈവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും, അവ ശാസ്ത്രീയ പുന:ചംക്രമണം ചെയ്യുക, കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ് ചെയ്യുന്ന പുന:ചംക്രമണയോഗ്യമല്ലാത്ത പ്ലാസ്റ്റിക് പൊതുമരാമത്ത് വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയും നടത്തപ്പെടുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനായി വിതരണം ചെയ്യുക എന്നിവയാണ് നിലവിൽ ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കുന്നത്. കൂടാതെ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പുന:ചംക്രമണ യോഗ്യമായിട്ടുള്ള മറ്റ് അജൈവമാലിന്യങ്ങൾ പുന:ചംക്രമണ ഏജൻസികളെ ടെണ്ടർ വഴി കണ്ടെത്തി കൈമാറുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്ലാസ്റ്റിക്ക് മാലിന്യനിർമ്മാർജ്ജനത്തിന് പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡുകൾ ഒരു മുതൽക്കൂട്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ക്ലീൻ കേരള കമ്പനി വഴി ഇതുവരെ എത്ര ടൺ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിനായി നൽകാൻ കഴിഞ്ഞെന്നും തുടർന്ന് നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ? | (സി) ഉണ്ട്. 20161 - 17, 2017 - 18 സാമ്പത്തിക വർഷങ്ങളിലായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ റോഡ് നിമ്മാണ പ്രവൃത്തികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിശേഖരിച്ച പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ്ചെയ്ത് ഉപയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 330 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 245 ടണ്ണോളം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ റോഡുകളുടെ നിർമ്മാണത്തിനായി വിപണനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ